തൊഴിലാളികളുടെ ഉൽസവകാല അവധി

1182 [1885] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിലാളികൾക്ക് ഉത്സവകാല അവധി എത്ര ദിവസമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്;

(ബി) അവധി ദിവസം കൂട്ടണമെന്ന ആവശ്യം യൂണിയനുകൾ ഉന്നയിച്ചതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നാല് ദിവസമാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്.

(ബി) അവധി ദിവസം കൂട്ടണമെന്ന ഒരുആവശ്യം ഗവൺമെന്റിന്റെ മുന്നിൽ ഉന്നയിച്ചിട്ടുള്ളതായി കാണുന്നില്ല.

ഹോട്ടൽ തൊഴിലാളികളുടെ നിവേദനം

1183 [1887] ശ്രീ. കെ. സുകുമാരനുണ്ണി: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ തൊഴിലാളികൾക്ക് അടിസ്ഥാന വേതനം നൽകാത്തതിന്റെ പേരിൽ തൊഴിലാളിയൂണിയനുകളിൽനിന്ന് ആക്ഷേപം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും ഹോട്ടലുടമകളുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശൂരനാടു വടക്കേപഞ്ചായത്തിലെ കിഴക്കട തോട്

1184 [1892] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശൂരനാട് വടക്കേ പഞ്ചായത്തിലെ കിഴക്കട തോടിന്റെ അഭിവൃദ്ധിപ്പെടുത്തലിന് ഉള്ള എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത തോട് എട്ട് മീറ്റർ വീതിയിൽ സൈഡു ബണ്ടുകളോടുകൂടി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 6-2-1979-ൽ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേലുള്ള അനന്തരനടപടി എതുവരെയായി എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2,35,700 രൂപ.

(ബി) ഉണ്ട്.

(സി) ഇറിഗേഷൻ ചീഫ് എൻജിനീയരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

അത്താണി–പുതുരുത്തി റോഡിലെ പാലം പണിയാൻ നടപടി

1185 [1897] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള തൃശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട അത്താണി-പുതുരുത്തി റോഡിലെ പാലംപണി എന്തായി;

(ബി) ഈ പാലം ഉടനടി പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ എടുക്കുമോ?

ഉത്തരം

(എ) ഈ പണിയുടെ ഇൻവെസ്റ്റിഗേഷനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാലം പണിയാരംഭിക്കുന്നതിനുമുൻപ് വളരെയധികം നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷം ആവശ്യമായ തുകയുടെ ലഭ്യതയനുസരിച്ച് മാത്രമേ പണി പൂർത്തിയാക്കാൻ സാദ്ധ്യമാകൂ.

പള്ളിക്കൂട്ടുമ്മ-നീലംപേരൂർ റോഡ്

1186 [1898] ശ്രീ. ഈപ്പൻ കണ്ടക്കുടി: താഴെകാണുന്ന ചോദ്യങ്ങൾക്കു മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൂട്ടുമ്മ-നീലംപേരൂർ റോഡിന്റെ പണി എന്തായി;

(ബി) ഈരമുതൽ കൈനടിവരെയുള്ള സ്ഥലത്ത് റോഡിന് ആവശ്യമായ മുഴുവൻ സ്ഥലവും ലാന്റ് അക്വിസിഷൻ ചെയ്തിരിക്കുന്നതിനാൽ പണി ഉടനെ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) (1) പള്ളിക്കൂട്ടുമ്മ-പുളിങ്കുന്ന്, (2) പുളിങ്കുന്ന്-കവാലം, (3) കവാലം-കൈനടി, (4) കൈനടി-ഈരക്ഷേത്രം, (5) ഈരക്ഷേത്രം-കറുനാട്ടുവിള എന്നീ അഞ്ച് റീച്ചുകളാണ് പള്ളിക്കൂട്ടുമ്മ-നീലംപേരൂർ റോഡിനുള്ളത്. ഇതിൽ ഒന്നാമത്തേയും അഞ്ചാമത്തേയും റീച്ചുകളുടെ പണി ഏതാണ്ടു പൂർത്തിയായിട്ടുണ്ട്. രണ്ടും മൂന്നും റീച്ചുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിച്ചു കഴിഞ്ഞു. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കിവരുന്നു. നാലാമത്തെ റീച്ചിന്റെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly